LIBRARY ARCHIVES Kerala Legislative Assembly

## ദേവസ്വംപാടത്ത് വാസുദേവന്റെ വീടാക്രമണം

218(221) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട ശ്രീജിത്ത്, ദേവസ്വംപാടത്ത് വാസുദേവന്റെ വീടാക്രമണത്തിൽ പങ്കെടുത്തതായി വരുത്തിതീർക്കുവാനുള്ള ശ്രമങ്ങൾ മുൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി. ജോർജ്ജ് നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവദിവസം അവധിയിലായിരുന്ന വരാപ്പുഴ എസ്.ഐ. ദീപക്കിനെ റൂറൽ എസ്.പി. ഫോണിൽ വിളിച്ച് പ്രത്യേക നിർദ്ദേശം നൽകിയിരുന്നോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ രാത്രി വരാപ്പുഴ പോലീസ് സ്റ്റേഷനിൽ എത്തിയ എസ്.ഐ. പോലീസ് കസ്റ്റഡിയിലുണ്ടായിരുന്നവരെ ക്രൂരമായി മർദ്ദിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ശ്രീജിത്തിനെ കസ്റ്റഡിയിലെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ഇടപെടൽ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രാഷ്ട്രീയ കക്ഷിയുടേതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) കേസുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക അന്വേഷണ സംഘം സമഗ്രമായി അന്വേഷണം നടത്തിവരുന്നു.

## വിജിലൻസ് അന്വേഷണം കാര്യക്ഷമമാക്കൽ

219(222) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കാനും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കാനും കുറ്റക്കാരെ കണ്ടെത്താനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിരോധന നിയമമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയതുമായ എത്ര പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടവരായി കഴിഞ്ഞ സർക്കാർ കാലയളവിൽ വിജിലൻസ് എത്ര പേരെ കണ്ടെത്തി; എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; എത്ര പേരെ കുറ്റവിമുക്തരാക്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന്റെയും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന്റെയും ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ മുഖേന സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു.

(2) ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ 52 ഉദ്യോഗസ്ഥർക്ക് ഡി-ഡാക്കിന്റെ സഹായത്തോടെ ഒരു മാസത്തെ വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(3) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധ ഗവേഷകരുടെ നേതൃത്വത്തിൽ ഒരു പഠനം നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിരോധന നിയമമനുസരിച്ച് സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയ 1334 പേർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അഴിമതി നിരോധന നിയമമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച 2892 പേർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. വിവിധ കേസ്സുകളിലായി 612 പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2*ആയി ചേർക്കുന്നു.

**സർക്കാർ ജീവനക്കാരുടെ അഴിമതി**

220(223) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ ചിലർ വിവിധ തരത്തിലുള്ള അഴിമതികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങളിൽനിന്നും കൈക്കൂലി ആവശ്യപ്പെടുന്ന സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും വകുപ്പുകളിൽ ഇടനിലക്കാർ മുഖേന കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും കർശനമായി തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly